മാറാട് വർഗ്ഗീയ സംഘട്ടനം സംബന്ധിച്ച അന്വേഷണം

45 [5188] ശ്രീ. വി. കെ. സി. മമ്മത്കോയ:
ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:
ശ്രീ. ടി. പി. രാമകൃഷ്ണൻ:
,, എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാറാട് നടന്ന വർഗ്ഗീയ സംഘട്ടനത്തെക്കുറിച്ച് അന്വേഷിക്കാൻ ഏതെങ്കിലും സിറ്റിംഗ് ജഡ്ജിയുടെ സേവനം ലഭ്യമായിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്തിന്റെ പുറത്തുനിന്നുമുള്ള ജഡ്ജിയുടെ സേവനം ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സിറ്റിംഗ് ജഡ്ജിയുടെ സേവനം ലഭ്യമായിട്ടില്ല.

(ബി, സി) ഹൈക്കോടതിയിലെ സിറ്റിംഗ് ജഡ്ജിയുടെ സേവനം ലഭ്യമാക്കുവാൻ കേരളാ ഹൈക്കോടതി ചീഫ് ജസ്റ്റീസിനോട് അഭ്യർത്ഥിച്ചിരുന്നു. അത് ലഭിക്കാത്ത സാഹചര്യത്തിൽ കർണ്ണാടക ഹൈക്കോടതി ചീഫ് ജസ്റ്റീസിനോട് അഭ്യർത്ഥിച്ചിരുന്നു. സിറ്റിംഗ് ജഡ്ജിയുടെ സേവനം ലഭ്യമാക്കുവാൻ സാധിക്കുകയില്ലായെന്ന് കർണ്ണാടക ചീഫ് ജസ്റ്റീസ് അറിയിച്ചതിനെത്തുടർന്ന് സീനിയറായ സിറ്റിംഗ് ജില്ലാ ജഡ്ജിയുടെ സേവനം ലഭ്യമാക്കുവാൻ കേരളാ ഹൈക്കോടതി ചീഫ് ജസ്റ്റീസിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

പോലീസ് സേനയിലെ കുറ്റാന്വേഷണ വിഭാഗം ശക്തിപ്പെടുത്തുന്നതിനും ആധുനികവൽക്കരിക്കുന്നതിനും നടപടി

46 [5189] ശ്രീ. കോടിയേരി ബാലകൃഷ്ണൻ:
,, എ. കെ. ബാലൻ:
,, മത്തായി ചാക്കോ:
,, പി. സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് സേനയിലെ കുറ്റാന്വേഷണ വിഭാഗം ശക്തിപ്പെടുത്തുന്നതിനും ആധുനികവൽക്കരിക്കുന്നതിനും സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) കുറ്റകൃത്യങ്ങൾ കണ്ടുപിടിക്കുന്നതിന് പോലീസിന് ആവശ്യമായ ഏതെല്ലാം നൂതന ഉപകരണങ്ങളാണ് വാങ്ങിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) വർഗ്ഗീയ ലഹളകൾ, രാഷ്ട്രീയ സംഘട്ടനങ്ങൾ തുടങ്ങിയവ ഉണ്ടാകുന്നത് പെട്ടെന്ന് നിയന്ത്രണ വിധേയമാക്കുന്നതിന് ആധുനിക ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി, സി) പോലീസ് വകുപ്പിന്റെ സമഗ്രവികസനത്തോടൊപ്പം സി. ബി. സി. ഐ. ഡി. യൂണിറ്റുകൂടി ആധുനികവൽക്കരിക്കാൻ ഉദ്ദേശിക്കുന്നു. സി. ബി. സി. ഐ. ഡി. യൂണിറ്റിന് കെട്ടിടം നിർമ്മിക്കുന്നതിനും ആധുനിക ഉപകരണങ്ങൾ വാങ്ങുന്നതിനും പോലീസ് സേനയുടെ നവീകരണ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഫോറൻസിക്ക് സയൻസ് ലബോറട്ടറിയിലേക്ക് ആറ്റോമിക് അബ്സോർപ്ഷൻ സ്പെട്രാമീറർ, ഹൈ പ്രിസിസൻ തിൻ ലെയർ ഗ്യാസ് ക്രോമാറ്റോഗ്രാഫ്, പോളിലൈറ്റ് ഉപകരണങ്ങൾ, എക്യുപ്മെന്റ് ഫോർ ഡോക്യുമെന്റ് എക്സാമിനേഷൻ, കമ്പാരിസൻ മൈക്രോസ്കോപ്പ് എന്നീ ആധുനിക ഉപകരണങ്ങളും ഫിങ്കർപ്രിന്റ് ബ്യൂറോയ്ക്ക് ആവശ്യമായ ആധുനിക ഉപകരണങ്ങൾ വാങ്ങുന്നതിനും നടപടികൾ എടുത്തുവരുന്നു. ഇവ കൂടാതെ മോഡേൺ ഇൻവെസ്റ്റിഗേഷൻ കിറ്റ് ബാഗ്സ്, കമ്പ്യൂട്ട റൈസ്ഡ് പോളിഗ്രാഫ്, പോളി റേ എക്യുപ്മെന്റ് മുതലായ 8 കോടി രൂപയുടെ ആധുനിക ഉപകരണങ്ങൾ വാങ്ങുന്നതിനും ഉദ്ദേശ്യമുണ്ട്.

(ഡി) വാട്ടർ കാനോൺ, പോളി കാർബണേറ്റ് റയറ്റ് ഷീൽഡ്, ഹെവി ഡ്യൂട്ടി ഹെൽമറ്റ് ഫോർ റയറ്റ് കൺട്രോൾ, നോർ ലിതർ വെബർ, കമ്മ്യൂണിക്കേഷൻസ് സേർച്ച് ലൈറ്റ് , നൈറ്റ് വിഷൻ ബൈനോക്കുലർ മുതലായവ വാങ്ങുന്നതിന് നടപടി എടുത്തു വരുന്നു.

വാഹനമോഷണം തടയാൻ നടപടി

47 [5190] ശ്രീ. എ. സുജനപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞവർഷം മുതൽ കോഴിക്കോട് നഗരത്തിൽ എത്ര വാഹനമോഷണ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) ഇതിന്റെ വർഷം തിരിച്ചുള്ള കണക്ക് വെളിപ്പെടുത്തുമോ;

(സി) ഇതിൽ എത്ര കേസുകളിൽ പ്രതികളെ പിടികൂടിയിട്ടുണ്ട്;

(ഡി) അടുത്ത കാലത്ത് വാഹനമോഷണം വർദ്ധിച്ചിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ വാഹനമോഷണം തടയാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly